പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4901

04.07.2012-ൽ മറുപടിക്ക്

# ആലപ്പുഴ ജില്ലയിലെ മത്സ്യത്തൊഴിലാളി വിധവാ പെൻഷൻ

ചോദ്യം | മറുപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ആലപ്പുഴ ജില്ലയിലെ വിവിധ ഓഫീസുകളിലായി മത്സ്യത്തൊഴിലാളികളുടെ വിധവകൾക്കുള്ള പെൻഷൻ അപേക്ഷകളിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കാതെയുണ്ട്; | (എ) | ആലപ്പുഴ ജില്ലയിലെ വിവിധ ഓഫീസുകളിൽ വിധവാ പെൻഷനായി മാർച്ച് വരെ ലഭിച്ച അപേക്ഷകളിൽ പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ അപേക്ഷകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലായി ഇതുവരെ ലഭിച്ച 29 അപേക്ഷകൾ തീർപ്പ് കല്പിക്കാനുണ്ട്. |
| (ബി) | നിസാര കാരണങ്ങളാൽ വർഷങ്ങളായി പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ മേൽ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുമോ; | (ബി) | ഫിഷറീസ് ഓഫീസുകളിൽ സ്വീകരിക്കുന്ന അപേക്ഷകൾ മേഖലാ ഓഫീസുകളിലേയ്ക്കോ ഹെഡ്ഡോഫീസുകളിലേയ്ക്കോ നിശ്ചിത സമയ പരിധിയ്ക്കകം ശുപാർശ ചെയ്ത് സമർപ്പിക്കാതെകാലതാമസം വരുത്തുന്ന ഫിഷറീസ് ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | തീർപ്പുകൽപ്പിക്കാത്ത അപേക്ഷകളുടെ മേൽ അടിയന്തിര നടപടി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (സി) | ലഭിച്ച അപേക്ഷകളിൽ തീർപ്പ് കല്പിക്കാനുള്ളവ അടിയന്തിരമായി നടപടി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ